പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4922

01.07.2013-ൽ അന്തിമ മറുപടി നല്കേണ്ടിയിരുന്നത്

## കടലാക്രമണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ തീരപ്രദേശങ്ങളിലെ രൂക്ഷമായ കടലാക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് അവലംബിക്കുന്ന ശാസ്ത്രീയമായ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കമോ ; | (ബി) | കടൽ ഭിത്തി, പുലിമുട്ട് എന്നിവ നിർമ്മിച്ച് ജലവിഭവവകുപ്പ് കടലാക്രമണം തടഞ്ഞു വരുന്നു. |
| (സി) | കടലാക്രമണ ഭീഷണിയെക്കുറിച്ച് ഏതെല്ലാം കേന്ദ്ര/സംസ്ഥാന ഏജൻസികളാണ് ഗവേഷണം നടത്തുന്നതെന്ന് വിശദമാക്കമോ ; | (സി), (ഡി) & (ഇ) | മുൻകാലങ്ങളിൽ കേന്ദ്ര ഏജൻസിയായ C.W.P.R.S. (Central Water Power Research Station) കേരള തീരങ്ങളിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രൂപകൽപന അനുസരിച്ചാണ് കടൽ ഭിത്തിയുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തി വന്നിരുന്നത്. എന്നാൽ 2007-08 ൽ സുനാമിയെ തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് I.I.T. Chennai കടലാക്രമണ ഭീഷണി നേരിടുന്ന കേരളത്തിന്റെ വിവിധ തീരങ്ങളെക്കുറിച്ച് പഠനം നടത്തുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഓരോ പ്രദേശത്തിന്റെയും പ്രത്യേകത അനുസരിച്ച് കടൽ ഭിത്തി, പുലിമുട്ട് എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ച് വരുന്നു.<br>ഇപ്പോൾ കേന്ദ്ര ഏജൻസിയായ CWPRS ന്റെ സേവനം വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാനം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായം ലഭ്യമാകുന്നതിന് CWPRS ന്റെ രൂപ കല്പന ആവശ്യമാണ്. |
| (ഡി) | ഇത്തരം ഏജൻസികൾ സമർപ്പിച്ച ഏതെങ്കിലും റിപ്പോർട്ട് പരിഗണനയിലുണ്ടോ ; | | |
| (ഇ) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ? | | |

Jeyasree

സെക്ഷൻ ഓഫീസർ